Draft #1 of File 12457/EXAM AUDIT 2-1/2020/EXM AUD 2 Approved by ASSISTANT REGISTRAR XI (EXAM) on 13-Aug-2020 06:49 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാല പരീക്ഷകൾ - ഉത്തരക്കടലാസ് മൂല്യനിർണയത്തിന്റെ പ്രതിഫല ബില്ലുകൾ എക്സാം ഓഡിറ്റ് സെക്ഷനിൽ സമർപ്പിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 3640/EA 2/2020/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 14.08.2020

---

*പരാമർശം:*-1. സ .ഉ (സാധാ.) നം.963 / 2019 / ഉ .വി .വ തീയതി 14 .06 .2019

2. സ .ഉ (സാധാ.) നം.1531 / 2019 / ഉ .വി .വ തീയതി 26 .08 .2019

3. സർവകലാശാല പുറത്തെഴുത്ത് നം. 34176/ AD A3 / 4 / 2019 / ADMN തീയതി 02.03.2020

4. എക്സാം ഓഡിറ്റ് 2 സെക്ഷനിൽ നിന്നുള്ള 12.03.2020 ലെ കുറിപ്പ്.

5. പരീക്ഷാ കൺട്രോളറുടെ 18.07.2020 ലെ ഉത്തരവ്.

**ഉത്തരവ്**

കേന്ദ്രീകൃത മൂല്യ നിർണയ ക്യാമ്പുകളിൽ പങ്കെടുക്കുന്ന അതിഥി അധ്യാപകർക്ക് സർവകലാശാല നൽകുന്ന ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മൂല്യ നിർണയത്തിനുള്ള പ്രതിഫലം ഒഴിവാക്കി പകരം ശമ്പളം അനുവദിച്ച് നൽകുവാൻ പരാമർശം (1 ) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പരാമർശം (2 ) പ്രകാരം സർക്കാർ ലോ കോളേജുകളിലെ അതിഥി അധ്യാപകർക്കുകൂടി ബാധകമാക്കിയിരുന്നു. ഈ രണ്ടു ഉത്തരവുകളും പരാമർശം (3) പ്രകാരം സർവകലാശാലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ മൂല്യനിർണയ ക്യാമ്പുകളിൽ നിന്നുള്ള എല്ലാ UG/PG ബില്ലുകളും വിഷയാടിസ്ഥാനത്തിൽ സ്വീകരിക്കണം എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടുള്ളതായി പരാമർശം (4) പ്രകാരം എക്സാം ഓഡിറ്റ് 2 സെക്ഷനിൽ നിന്നും അറിയിക്കുകയുണ്ടായി. ഈ കാര്യ ങ്ങൾ പ്രയോഗികമാക്കുന്നതിനു വേണ്ടി അധ്യാപകരുടെ മൂല്യ നിർണയ പ്രതിഫല ബില്ലുകൾ എക്സാം ഓഡിറ്റിൽ സമർപ്പിക്കുമ്പോൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്ന് പരാമർശം (5) പ്രകാരം പരീക്ഷ കൺട്രോളർ ഉത്തരവായിരിക്കുന്നു.

1. അദ്ധ്യാപരുടെ മൂല്യ നിർണയ പ്രതിഫല ബില്ലുകളിലും സ്റ്റേറ്റ്മെന്റ്കളിലും UGC / NON UGC /GOVT / AIDED / UNAIDED/ GUEST ഫാക്കൽറ്റി - ഇങ്ങനെയുള്ള കാറ്റഗറി സൂചിപ്പിക്കേണ്ടതാണ്.

2. എല്ലാ UG/PG ബില്ലുകളും വിഷയാടിസ്ഥാനത്തിൽ സമർ പ്പിക്കേണ്ടതാണ്.

3. ബില്ലിനോടൊപ്പം ക്യാമ്പ് ഓഫീസർമാർ സമർപ്പിക്കുന്ന Statement of Remuneration, Paper Account എന്നിവയുടെ രണ്ടു കോപ്പി സമർപ്പിക്കേണ്ടതാണ്. ക്യാമ്പ് ഓഫീസർമാർ ഇവയിൽ

സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4. ബില്ലുകളിൽ മൂല്യ നിർണയത്തിന്റെ തരം തിരിവ് (റെഗുലർ / പ്രൈവറ്റ്/ കേന്ദ്രീകൃതം/ ഗാർഹികം) എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ശ്രീകൃഷ്ണകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ / പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എമാർ
3. സി.ഇ സെക്ഷൻ / ഇ .എൻ സെക്ഷനുകൾ
4. എ.ആർ XI / XVIII /ഡി.ആർ VIII /ജെ.ആർ I / IV (എക്സാം)
5.എ.ആർ II / ഡി.ആർ II /ജെ.ആർ (ഫിനാൻസ്)
6. എക്സാം ഓഡിറ്റ് II സെക്ഷൻ (ഫയൽ സഹിതം )
6. ഐ.ക്യു.എ.സി / കൺഡന്റ് മാനേജ്മെൻറ് സെക്ഷൻ
7. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

File 12457/EXAM AUDIT 2-1/2020/EXM AUD 2

Draft #1 of File 12457/EXAM AUDIT 2-1/2020/EXM AUD 2 Approved by ASSISTANT REGISTRAR XI (EXAM) on 13-Aug-2020 06:49 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം